**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 33** **01-02-2023 - ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ? | (എ) | പ്ലാൻ സ്കീമുമായി ബന്ധപെട്ട് “Study on the Impact of Heavy Flood on Environmental Characteristics of Vembanad Back Water”, “ Hydrochemistry of Vembanad Backwater with Special Reference to Pollution Problems and its Managements Measures" എന്നീ പഠനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>കാപ്പിത്തോട് നവീകരണത്തിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ച 40 ലക്ഷം രൂപയിൽ 2,70,338/- രൂപ വിനിയോഗിച്ചിട്ടുണ്ട്.<br><br>അരൂർ ചന്തിരൂർ ACCEPT Society - യ്ക്ക് കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പിസിബി 3 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല .<br><br>ഇതുകൂടാതെ ദേശീയ സംസ്ഥാന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലെ ജലസ്രോതസ്സുകളുടെയും, അന്തരീക്ഷവായുവിന്റെയും ഗുണനിലവാരവും ബോർഡ് തിട്ടപ്പെടുത്തി വരുന്നു.<br><br>SWMP(State Water Monitoring Programme) പ്രകാരം മണിമല ആറിലെ 8 സ്റ്റേഷനുകളിൽ (പോയിന്റുകളിൽ) നിന്നും, Central Pollution Control Board (CPCB) യുടെ NWMP (National Water Monitoring Programme) പദ്ധതി പ്രകാരം പുഴ, കായൽ, കിണർജലം തുടങ്ങി പതിനൊന്നു സ്റ്റേഷനുകളിൽ നിന്നും ജലം ശേഖരിച്ച് ബോർഡിന്റെ ലാബിൽ പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു. |

| | | | |
|---|---|---|---|
| | | | CPCB- യുടെ NAMP (National Air Monitoring Programme) പദ്ധതി പ്രകാരം വായു ഗുണനിലവാരതോത് ആലപ്പുഴ ജില്ലയിൽ 2 സ്റ്റേഷനുകളിൽ പരിശോധിച്ച് വരുന്നു. മൂന്നാമത്തെ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ